# കേരള സർവകലാശാല

നം. പി.ആർ.110/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ പ്രവേശനം 2018–19 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

കേരള സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും, യു.ഐ.റ്റി , ഐ.എച്ച്.ആർ.ഡി കേന്ദ്രങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗാമുകളിലേക്ക് (2018–19) പ്രവേശനത്തിന് ഓൺലൈൻ (http://admissions.keralauniversity.ac.in) രജിസ്ട്രേഷൻ ആരംഭിച്ചു.

കേരള സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ആർട്സ് & സയൻസ് കോളേജുകളിലും 2018–19 വർഷത്തെ ബിരുദ പ്രവേശനം ഏകജാലക സംവിധാനത്തിലൂടെ നടത്തും. എല്ലാ കോളേജുകളിലേയും മെറിറ്റ് സീറ്റുകളിലേക്കും എസ്.സി/എസ്.ടി/ എസ്.ഇ.ബി.സി സംവരണ സീറ്റുകളിലേക്കും ഏകജാലകസംവിധാനം വഴി തന്നെയായിരിക്കും അലോട്ട്മെന്റ്. കേരള സർവ്വകലാശാലയുടെ കീഴിൽ ബിരുദ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കണം.

മാനേജ്മെന്റ്, കമ്മ്യൂണിറ്റി, ഭിന്നശേഷിയുള്ളവർ, തമിഴ് ഭാഷ ന്യൂനപക്ഷ വിഭാഗങ്ങൾ, ലക്ഷദ്വീപ് നിവാസികൾ, സ്പോർട്സ് ക്വാട്ട എന്നിവയിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാവരും ഏകജാലക സംവിധാനത്തിലൂടെ അപേക്ഷ സമർപ്പിച്ചിരിക്കണം.

പരാതിരഹിതമായ ഓൺലൈൻ രജിസ്ട്രേഷൻ ലക്ഷ്യമിടുന്നതിനാൽ വിദ്യാർത്ഥികൾ അതീവശ്രദ്ധയോടെയും കൃത്യതയോടെയും രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പറുകൾ പ്രവേശന നടപടികൾ അവസാനിക്കുന്നത് വരെ ഒരു കാരണവശാലും മാറ്റരുത്.

### ഓൺലൈൻ അപേക്ഷയിലെ തെറ്റുകൾ തിരുത്തുവാൻ

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോഴുണ്ടാകുന്ന തെറ്റുകൾ രജിസ്ട്രേഷൻ കാലയളവിൽ വിദ്യാർത്ഥികൾക്ക് അവരവരുടെ ആപ്ലിക്കേഷൻ നമ്പറും പാസ്വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്തു പരിഹരിക്കാവുന്നതാണ്. രജിസ്ട്രേഷൻ പൂർത്തികരിച്ച ശേഷം അതിന്റെ പ്രിന്റൗട്ട് സൂക്ഷിക്കണം.

### പ്രത്യേക ശ്രദ്ധയ്ക്ക്

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും ഓൺലൈൻ വഴിയോ വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്ന പ്രത്യേക ചെലാൻ ഉപയോഗിച്ച് എസ്.ബി.ഐ വഴിയോ മാത്രം അടയ്ക്കണം. ഡി.ഡി, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ 8281883052, 8281883053 എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ ബന്ധപ്പെടാം. ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി, ഓരോ അലോട്ട്മെന്റുകളുടേയും തീയതി എന്നിവ സി.ബി.എസ്.ഇ തുടങ്ങി മറ്റ് ബോർഡുകളുടെ പ്ലസ്ടു പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം വിജ്ഞാപനം ചെയ്യുന്നതാണ്. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവക ലാശാല ആസ്ഥാനത്തേയ്ക്ക് അയയ്ക്കേണ്ടതില്ല. ആയത് പ്രവേശന സമ യത്ത് അതത് കോളേജുകളിൽ ഹാജരാക്കിയാൽ മതിയാകും.

കേരള ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി 2018 വർഷത്തെ പരീക്ഷ പാസായ വിദ്യാർത്ഥികൾ അവരുടെ പേരും രജിസ്റ്റർ നമ്പരും ഓൺലൈൻ അപേക്ഷയിൽ ടൈപ്പ് ചെയ്യുമ്പോൾ തന്നെ അവർക്ക് വിവിധ വിഷയങ്ങൾക്ക് ലഭിച്ച മാർക്കുകൾ സ്വമേധയാ തന്നെ രേഖപ്പെടുത്ത പ്പെടും. അത്തരത്തിൽ രേഖപ്പെടുത്തപ്പെട്ട മാർക്കുകൾ തിരുത്തുവാൻ വിദ്യാർത്ഥികൾക്ക് സാധിക്കുകയില്ല. പുനർമൂല്യനിർണയം വഴിയോ മറ്റോ മാർക്കുകൾക്ക് മാറ്റം വന്നാൽ സർവകലാശാലയുടെ അറിവോടെ മാത്രമേ തിരുത്തുകൾ വരുത്തുവാൻ സാധിക്കുകയുള്ളൂ.

കൂടുതൽ വിവരങ്ങൾക്ക് https://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിലെ Press Releases എന്ന ലിങ്ക് സന്ദർശിക്കുക.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## പി.ജി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനപരീക്ഷ

കേരള സർവകലാശാലയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ പി.ജി പ്രോഗ്രാ മുകളിലേക്കുള്ള പ്രവേശനപരീക്ഷ മേയ് 20 മുതൽ 25 വരെ തിരുവനന്തപുരം, എറണാകുളം കേന്ദ്രങ്ങളിൽ വച്ച് നടത്തും. ഹാൾടിക്കറ്റും ടൈംടേബിളും (www.admissions.keralauniversity.ac.in) വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഡൗൺലോഡ് ചെയ്യാം.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

## ബി.എസ്സി ഫലം

2017 ഒക്ടോബറിൽ നടത്തിയ രണ്ട്, നാല് സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷകളുടെ (2013 മുൻപുള്ള സ്കീം) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകണം

2016 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി. എസ്.എസ് ബി.ബി.എ/ബി.എസ്സി ഇലക്ട്രോണിക്സ് ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ മേയ് 18 മുതൽ 25 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റ്/ഐ.ഡി കാർഡു മായി പുനർമൂല്യനിർണയ വിഭാഗമായ EJ III-ൽ എത്തിച്ചേരണം.

## എം.ഫിൽ ഫലം

2017 ഒക്ടോബറിൽ നടത്തിയ എം.ഫിൽ ഇസ്ലാമിക് ഹിസ്റ്ററി സപ്ലിമെന്ററി (2015 –16 ബാച്ച് – തിരുവനന്തപുരം, യൂണിവേഴ്സിറ്റി കോളേജ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി കമ്പ്യൂട്ടർ സയൻസ്,ബി.സി.എ പ്രാക്ടിക്കൽ, പ്രോജക്ട്, വൈവ വോസി പരീക്ഷ

വിദൂരവിദ്യാഭ്യാസ വിഭാഗം ഏപ്രിലിൽ നടത്തിയ അവസാന വർഷ ബി. എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് & വൈവ വോസി പരീക്ഷകൾ മേയ് 23, 24 തീയതി കളിൽ പാളയം എസ്.ഡി.ഇ സെന്ററിൽ വച്ച് നടത്തും. വിശദമായ ടൈംടേ ബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.എം ഫലം

2017 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ മേയ് 30 വരെ സ്വീകരിക്കും.

## പൂർവ്വ വിദ്യാർത്ഥി സംഗമം

സർവകലാശാലയുടെ ജന്തുശാസ്ത്ര പഠനവകുപ്പിലെ പൂർവ വിദ്യാർത്ഥി – അധ്യാപക സംഗമം മേയ് 22–ന് 10 മണിക്ക് കാര്യവട്ടം ബോട്ടണി ഹാളിൽ നട ത്തും. വിവരങ്ങൾക്ക്: 8089055234.

## പരീക്ഷ മാറ്റി

മേയ് 18–ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എം.ടെക് കമ്പ്യൂട്ടർ സയൻസ് & എൻജിനീയറിംഗ് (2013 സ്കീം – സപ്ലിമെന്ററി) പരീക്ഷയുടെ 'RCC 2002 - Advanced Computer Networks' എന്ന പരീക്ഷ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയി ക്കും.

## പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ മെഡിക്കൽ ലോ, എത്തിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ് പരീക്ഷ

ജൂൺ ആറിന് ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ മെഡിക്കൽ ലോ, എത്തിക്സ് ആന്റ് ഹ്യൂമൻ റൈറ്റ്സ് പരീക്ഷയ്ക്ക് പിഴകൂടാതെ മേയ് 22, 50 രൂപ പിഴയോടെ മേയ് 24, 125 രൂപ പിഴയോടെ മേയ് 26 വരെയും അപേക്ഷി ക്കാം.

തിരുവനന്തപുരം.
16.05.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ